# പേറെടുക്കാൻ പ്രായം മറന്ന് ദേവകിച്ചി സജീവം



**രഞ്ജിത്ത് തങ്കപ്പൻ**

തിരുവനന്തപുരം: എൺപത്തിയേഴാം വയസ്സിലും ദേവകിച്ചി പേറെടുക്കുന്നതിന്റെ തിരക്കിലാണ്. ആയിരത്തി അഞ്ഞൂറിലേറെ കുഞ്ഞുങ്ങളെ പരിചരിച്ച ദേവകിച്ചിക്ക് വയസ്സുകാലത്തും വിശ്രമിക്കാൻ സമയമില്ല.

പ്രസവശുശ്രൂഷയിൽ വിദഗ്ധയായ ദേവകിച്ചിയെത്തേടി ആളുകളുടെ തിരക്കാണ്. പ്രസവത്തീയ്യതി അടുത്താൽ ആളന്വേഷിച്ചെത്തും. പിന്നെ അവരുടെ ഒപ്പം ആശുപത്രിയിലും പ്രസവവീട്ടിലുമായി തിരക്കാവും. കുഞ്ഞിന്റെ നൂലുകെട്ടും കഴിഞ്ഞാണ് പിന്നെ വീടണയുക. അപ്പോഴേക്കും നാട്ടുകാരുടെ ദേവകിച്ചിയായ ദേവകിയേയും കാത്ത് ആളുകൾ വീട്ടുമുറ്റത്ത് കാവലുണ്ടാവും.

ആലംകോട് മണമ്പൂർ പഞ്ചായത്തിലെ പാലാംകോണം തൊപ്പിച്ചന്തയ്ക്ക് സമീപം കണ്ണങ്കര നെല്ലിവിളവീട്ടിൽ ഗോപാലൻ-കൊച്ചു ദമ്പതികളുടെ മൂത്ത മകളായ ദേവകിച്ചി തന്റെ ഇരുപതാം വയസ്സിലാണ് പ്രസവപരിചരണത്തിനു പോയിത്തുടങ്ങിയത്.

ദേവകി-കുട്ടൻ നായർ ദമ്പതികൾക്ക് പതിനൊന്ന് മക്കളാണുള്ളത്. ഭർത്താവായ കുട്ടൻ നായർ മുപ്പത്തഞ്ച് വർഷം മുമ്പ് മരിച്ചു. തുടർന്ന് കുടുംബം പുലർത്തേണ്ട ചുമതല ദേവകിയുടെ ചുമലിലായി. മക്കളും ചെറുമക്കളുമൊക്കെയായി 57 പേരടങ്ങുന്ന വലിയ കുടുംബമാണ് ദേവകിച്ചിയുടേത്. മക്കൾ വെവ്വേറെ താമസമാക്കിയിട്ടും ദേവകിച്ചി ഇപ്പോഴും സ്വന്തം കുടിലിൽ തന്നെയാണ് താമസം.

ദുരന്തങ്ങളും കഷ്ടപ്പാടുകളും വിധി പോലെ വേട്ടയാടിയ ജീവിതമാണ് ദേവകിച്ചിയുടേത്. സ്വന്തം അമ്മയും സഹോദരനും കൺമുന്നിൽ വെന്തെരിയുന്നതു കണ്ടതിന്റെ നടുക്കം ദേവകിച്ചിക്ക് വിട്ടുമാറിയിട്ടില്ല.മേലാറ്റിങ്ങൽ പേരാണത്ത് ക്ഷേത്രത്തിലെ വെടിവഴിപാട് നടത്താൻ അവകാശം ലഭിച്ച കുടുംബമായിരുന്നു ദേവകിച്ചിയുടേത്. ഇതിനായി സൂക്ഷിച്ചിരുന്ന വെടിമരുന്ന് പൊട്ടിത്തെറിച്ചാണ് ദുരന്തമുണ്ടായത്. പത്ത് വർഷം മുമ്പ് നടന്ന ഒരു സംഭവത്തിൽ ദേവകിച്ചിക്കും പൊള്ളലേറ്റിരുന്നു.

ജീവിതം നൽകിയ അനുഭവപാഠങ്ങളുമായി ചെറുപ്പത്തിന്റെ ഉശിരോടെ മനോവീര്യം കൈവിടാതെ ദേവകിച്ചി ഇന്നും സജീവമാണ്. വീടുകളിൽ നിന്നും വീടുകളിലേക്ക് പ്രസവശുശ്രൂഷക്കുള്ള ദേവകിച്ചിയുടെ യാത്ര തുടർന്നുകൊണ്ടേയിരിക്കുന്നു.